**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 425** | **02-11-2021 - ൽ മറുപടിയ്ക്ക്**

**യുവസംരംഭകരെയും വീട്ടമ്മമാരെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവ സംരംഭകരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിലും സഹകരണ വകുപ്പിന്റെ സഹായത്തോടെ സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയുമായും ബന്ധപ്പെട്ടും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴിയും യുവ സംരംഭകർ കാർഷിക മേഖലയിൽ പങ്കാളികളാവുന്നതാണ്. യുവ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPOകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇത് വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോത്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ എല്ലാം ഏകോപനവും FPOകൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/ വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. ഇതിലൂടെയും യുവ സംരംഭകർ പങ്കാളികളാവുന്നതാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. യുവ സംരംഭകർക്ക് മേൽ പദ്ധതികളിൽ ഭാഗമാകാവുന്നതാണ്. കൂടാതെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള അഗ്രോ സർവ്വീസ് സെന്ററുകളിലും കാർഷിക കർമ്മസേനകളിലും യുവാക്കളെ നിയമിച്ചും അവർക്ക് കാർഷിക മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചും കൃഷി വകുപ്പ് യുവാക്കളുടെ വരുമാനം ഉയർത്തുവാൻ സഹായിക്കുന്നു. |
| (ബി) | ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സഹായം അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) മുഖേന ലഭിക്കുന്നതാണ്. രണ്ടുകോടി രൂപ വരെയുള്ള വായ്പകൾക്ക് സർക്കാരിന്റെ ക്രെഡിറ്റ് ഗ്യാരണ്ടി, പരമാവധി 7 വർഷത്തേക്ക് വായ്പാ പലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറുമാസം മുതൽ രണ്ടു വർഷം വരെ മോറട്ടോറിയം, പദ്ധതി തുകയുടെ 10% ഗുണഭോക്തൃവിഹിതം എന്നിവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | വീട്ടമ്മമാരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി കുടുംബശ്രീ ഉൾപ്പെടെയുള്ള കൂട്ടായ്മകളിലൂടെ കൃഷി പ്രോത്സാഹന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | വീട്ടമ്മമാരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി നൽകി വരുന്നു. കൂടാതെ ഗ്രോബാഗിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി സബ്സിഡി നിരക്കിൽ ഗ്രോബാഗ് യൂണിറ്റുകൾ നൽകി വരുന്നു. പഴവർഗ്ഗ വികസന പദ്ധതിയിലൂടെ ഒരു കോടി ഫലവൃക്ഷത്തൈ വിതരണം പദ്ധതി മുഖേന തൈകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. കൂടാതെ കുടുംബശ്രീ യൂണിറ്റുകൾക്ക് നഴ്സറി സ്ഥാപിക്കുന്നതിനായി ആനുകൂല്യങ്ങൾ നൽകി വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളിലും വനിതകളെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വീട്ടമ്മമാരെ കൃഷിയിലേക്കു ആകർഷിക്കുന്നതിനായി കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികളായ സംഘകൃഷി ഗ്രൂപ്പുകൾ (ജെ എൽ ജി), അഗ്രി ന്യൂട്രി ഗാർഡൻ പദ്ധതി തുടങ്ങിയവയും ഈ ലക്ഷ്യത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

**സെക്ഷൻ ഓഫീസർ**

Scanned with CamScanner